**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5680** **13-08-2021 - ൽ മറുപടിയ്ക്ക്**

**കരുമ്പുകയം കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലാ നിയോജക മണ്ഡലത്തിലെ കരുമ്പുകയം കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | 2017-18 സംസ്ഥാന ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച കരിമ്പുകയം ശുദ്ധജലവിതരണ പദ്ധതിക്ക് 31/03/2018-ൽ ഭരണാനുമതിയും 19/11/2018-ൽ കിഫ്ബിയിൽ നിന്നും 68.64 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകി. കാഞ്ഞിരപ്പള്ളി, എലിക്കുളം, ചിറക്കടവ് പഞ്ചായത്തുകൾക്കായുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണമാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. 6 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ജല ശുദ്ധീകരണശാല, പനച്ചേപ്പള്ളി, തമ്പലക്കാട്, എന്നിവിടങ്ങളിൽ ജലസംഭരണികൾ, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പുസെറ്റുകൾ, പമ്പിങ് മെയിനുകൾ, കാഞ്ഞിരപ്പള്ളി, എലിക്കുളം, ചിറക്കടവ് പഞ്ചായത്തുകളിലെ വിതരണശൃംഖല തുടങ്ങിയവ ഉൾപ്പെടുന്ന പദ്ധതിയാണിത്. ഈ പദ്ധതിക്കായി കാഞ്ഞിരപ്പള്ളി താലൂക്കിലെ കൂവപ്പള്ളി വില്ലേജിൽ ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിനായി 50 സെന്റ്, പനച്ചേപ്പള്ളി ജലസംഭരണിക്കായി 10 സെൻറ്, കാഞ്ഞിരപ്പള്ളി താലൂക്കിലെ കാഞ്ഞിരപ്പള്ളി വില്ലേജിൽ തമ്പലക്കാട് ജലസംഭരണിക്കായി 8 സെന്റ്, എന്നിങ്ങനെ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുടർ നടപടികൾ പുരോഗമിക്കുന്നു. ഇപ്പോൾ സാമൂഹികാഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്ന ഘട്ടത്തിലാണ്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കാലതാമസം നേരിടുമെന്നതിനാൽ ഈ പദ്ധതി മൂന്നു പാക്കേജുകളിലായി പുനർവിന്യാസം ചെയ്ത് നടപ്പിലാക്കുന്നതിനാണ് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത്. പുനർവിന്യാസം ചെയ്ത പാക്കേജ് വിവരങ്ങൾ (അംഗീകൃത ഡി.ഇ.ആർ പ്രകാരമുള്ള തുക.) അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | ജലശുദ്ധീകരണശാലയും ജലസംഭരണികളും ഉൾപ്പെടെ സ്ഥലം ഏറ്റെടുക്കേണ്ട നിർമ്മാണ ഘടകങ്ങളും, പമ്പുസെറ്റുകൾ ഉൾപ്പെടെയുള്ള ഉത്പാദക ഘടകങ്ങളും, കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ വിതരണ ശൃംഖലയും ഒന്നാം പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സ്ഥലം ഏറ്റെടുത്താൽ സാങ്കേതികാനുമതി നൽകാവുന്ന തരത്തിൽ ഒന്നാം പാക്കേജിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള ഘടകങ്ങളിൽ നിന്നും ജലവിതരണം സാദ്ധ്യമാക്കാവുന്ന തരത്തിൽ പുനർവിന്യാസം ചെയ്ത രണ്ട്, മൂന്ന് പാക്കേജുകൾക്ക് സാങ്കേതികാനുമതി നൽകി. പാലാ നിയോജക മണ്ഡലത്തിലെ എലിക്കുളം പഞ്ചായത്തിലെ വിതരണ ശൃംഖല ഉൾപ്പെടുന്ന മൂന്നാം പാക്കേജിന് 28/06/2021-ൽ 25.47 കോടി രൂപയ്ക്ക് 12 മാസത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കരാർ ഉടമ്പടി ഒപ്പുവച്ചിട്ടുണ്ട്. ചിറക്കടവ് പഞ്ചായത്തിലെ വിതരണശൃംഖലയും പൊൻകുന്നം, തമ്പലക്കാട് എന്നിവിടങ്ങളിലേക്കുള്ള പമ്പിങ് മെയിനുകളും ഉൾപ്പെട്ടിട്ടുള്ള രണ്ടാം പാക്കേജിൽ 13.87 കോടി രൂപയുടെ പ്രവൃത്തികൾക്ക് ടെൻഡറുകൾ ക്ഷണിച്ചെങ്കിലും കരാറുകാർ പങ്കെടുക്കാത്തതിനാൽ ഈ പ്രവൃത്തി റീടെൻഡർ ചെയ്തിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**KIIFB (2017-2018)**

**KARIMPUKAYAM WATER SUPPLY project - AUGUMENTATION OF ARWss TO KANJIRAPPALLY, ELIKKULAM AND CHIRAKKADAVU PANCHAYATHS, KOTTAYAM DISTRICT - PACKAGE-WISE DETAILS**

| No. | | COMPONENTS | AMOUNT IN LAKHS | |
|---|---|---|---|---|
| 1 | | PACKAGE-I | | |
| | 1 | 6 mLd WTP AT KARIMPUKAYAM | 445.00 | |
| | 2 | 500 MM DI K-9 RAW WATER PUMPING MAIN | 112.26 | |
| | 3 | CLEAR WATER PUMPING MAIN 400 MM DI K-9 FROM SUMP TO OHSR AT TP SITE | 16.02 | |
| | 4 | 6LL OHSR AT WTP SITE KARIMPUKAYAM | 130.68 | |
| | 5 | 5LL GLSR AT PANACHEPALLY | 51.96 | |
| | 6 | 8.5 LL GLSR AT THAMPALAKKADU | 63.79 | |
| | 7 | 200HP RAW WATER PUMPSET | 72.00 | |
| | 8 | 50HP CWP/S 2Nos AT WTP TO OHSR AT TP SITE | 17.00 | |
| | 9 | 50HP CWP/S ONE NUMBER FROM WTP TO PANACHEPPALLY | 8.50 | |
| | 10 | POWER ENHANCEMENT WORK AT WELL CUM PUMPHOUSE, WTP | 4.00 | |
| | 11 | DISTRIBUTION NETWORK IN KANJIRAPALLY PANCHAYATH (ZONE 1A , 2,3A | 618.32 | |
| | 12 | 75 HP ONE NUMBER CWP/S AT GRAMADEEPAM TO PONKUNNAM | 12.75 | |
| | 13 | 10 HP ONE NUMBER CWP/S AT GRAMADEEPAM TO KANJIRAPPALLY | 1.70 | |
| | 14 | 120HP ONE NUMBER CW/S AT GRAMADEEPAM TO THAMPALAKKADU | 20.40 | |
| | 15 | POWER ENHANCEMENT WORK AT BOOSTER P/H GRAMADEEPAM | 4.00 | |
| | 16 | Road restoration charpes | 500.00 | |
| | 17 | Cost of land | 199.80 | |

| | | | | |
|---|---|---|---|---|
| | | | **2278.18** | **2278.18** |
| 2 | | PACKAGE-II | | |
| | 1 | 300MM DI K -9 CLEAR WATER PUMPING MAIN FROM SUMP AT GRAMADEEPAM TO GLSR AT THAMPALAKKADU | 452.45 | |
| | 2 | 250MM DI K-9 CLEAR WATER PUMPING MAIN FROM SUMP AT GRAMADEEPAM TO OHSR AT PONKUNNAM | 178.06 | |
| | 3 | DISTRIBUTION NETWORK IN CHIRAKKADAVU PANCHAYATH -ZONE 1B, ZONE 4 AND ZONE 5 | 405.40 | |
| | 4 | ROAD RESTORATION CHARGES | 385.00 | |
| | | | **1420.91** | **1420.91** |
| 3 | PAKAGE III | | | |
| | 1 | 350MM DIK 9 CLEAR WATER GRAVITY MAIN FROM OHSR AT TP SITE TO SUMP AT GRAMADEEPAM | 238.63 | |
| | 2 | DISTRIBUTION NETWORK IN ELIKKULAM PANCHAYTH ZONE 3B | 1743.69 | |
| | 3 | 2LL GI SUMP AT GRAMADEEPAM | 28.39 | |
| | 4 | ROAD RESTORATION CHARGES | 1150.00 | |
| | | | **3160.71** | **3160.71** |
| 5 | | MISCELLANEOUS | | 4.20 |
| | | **TOTAL** | | **6864.00** |

**സെക്ഷൻ ഓഫീസർ**